DESPATCHED On. 21/1.2/21

11/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic.ker@nic.in

## ഹർജി നമ്പർ AP.No.2166 (5)/16/SIC

## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No. 14967/SIC-G7/2016

സന്നിഹിത

ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി: 11.11.2021

ശ്രീ.കെ.പി. മാത്യു,
കോക്കാട്ട് ഹൗസ്, കടുപ്പശ്ശേരി പി.ഒ,
തൊമ്മാന, തൃശ്ശൂർ – 680 683. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം,
പൊതുമരാമത്ത് നിരത്തുകൾ വിഭാഗം, മാള.

2. അപ്പീൽ അധികാരി &
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും ഉപവിഭാഗം,
മിനി സിവിൽ സ്റ്റേഷൻ, കൊടുങ്ങല്ലൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 11.10.2016 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 19.10.2016 |
| ഒന്നാം അപ്പീൽ | 31.10.2016 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 04.01.2016 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 28.11.2016 |
| ഹിയറിംഗ് തീയതി, സ്ഥലം | 29.10.2021 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.കെ.പി.മാത്യു 11.10.2016 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് (എസ്.പി.ഐ.ഒ) ആവശ്യപ്പെട്ടിരുന്നത്, തുമ്പൂർ–തൊമ്മാന– പി.ഡബ്ല്യൂ.ഡി റോഡിൽ പൊരുത്ത്ക്കാരൻ റോഡിന് സമീപത്തായി പി.ഡബ്ല്യൂ.ഡി റോഡിൽ വേളൂക്കര

ഗ്രാമപഞ്ചായത്ത് 2003-2007 സാമ്പത്തിക വർഷത്തിൽ തൊമ്മാന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ വാൽവ് സ്ഥാപിച്ചതിന് പി.ഡബ്ല്യൂ.ഡി നൽകിയ അനുമതിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അനുവദിച്ചു നൽകണമെന്നാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 19.10.2016 ൽ നൽകിയ മറുപടിയിൽ തൃപ്തനാകാതെ 31.10.2016 ൽ അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീൽ 04.11.2016 ൽ തീർപ്പാക്കുകയും ചെയ്തു.

3. ഒന്നാം എതിർകക്ഷിയുടെ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപ്പീൽ ഹർജി ഫയലിൽ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ഇരു കക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 29.10.2021 ന് ഹിയറിംഗ് പോസ്റ്റ് ചെയ്യുകയും, ടെലിഫോൺ മുഖാന്തിരം നടത്തിയ നേർവിചാരണയിൽ ഒന്നാം എതിർകക്ഷിയും അപ്പീൽ ഹർജിക്കാരനും ഹാജരാകുകയും ചെയ്തു.

4. അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട അനുമതിയുമായി ബന്ധപ്പെട്ട ഫയൽ ഓഫീസിൽ ലഭ്യമല്ലെന്നും PWD റോഡ്സ് സബ് ഡിവിഷൻ കൊടുങ്ങല്ലൂർ ഓഫീസിൽ നിന്നോ വേളൂക്കര ഗ്രാമപഞ്ചായത്തിൽ നിന്നോ ലഭ്യമായേക്കാമെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് നാളിതുവരെയായി യാതൊരു മറുപടിയും ലഭ്യമായില്ലെന്നും ആയതിനാൽ കൃത്യമായ മറുപടി ലഭ്യമാക്കണമെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി.

5. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് രേഖകൾ ലഭ്യമല്ലെന്നും PWD റോഡ്സ് സബ് ഡിവിഷൻ കൊടുങ്ങല്ലൂർ ഓഫീസിൽ നിന്നോ വേളൂക്കര ഗ്രാമപഞ്ചായത്തിൽ നിന്നോ ലഭ്യമായേക്കാമെന്നുമുള്ള മറുപടിയാണ്

എസ്.പി.ഐ.ഒ നൽകിയിരിക്കുന്നത്. വിവരത്തിനായി ഒരു പൊതു അധികാര സ്ഥാനത്തിന് അപേക്ഷ നൽകിയിട്ടുള്ളിടത്ത്, മറ്റൊരു അധികാരസ്ഥാനത്തിന്റെ കൈവശത്തിലുള്ളപ്പോഴും, പ്രതിപാദ്യ വിഷയം മറ്റൊരു അധികാരസ്ഥാനത്തിന്റെ ചുമതലകളുമായി കൂടുതൽ ബന്ധപ്പെട്ടിരിക്കുമ്പോഴും അത്തരം അപേക്ഷ നൽകപ്പെട്ടിട്ടുള്ള പൊതു അധികാര സ്ഥാനം ആ അപേക്ഷ വിവരാവകാശ നിയമത്തിലെ 6(3) വകുപ്പ് പ്രകാരം 5 ദിവസത്തിനകം ആ അധികാര സ്ഥാനത്തിന് കൈമാറേണ്ടതും അത്തരം കൈമാറ്റത്തെ സംബന്ധിച്ച വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. ഇവിടെ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ഓഫീസിൽ ലഭ്യമല്ലാതിരുന്നിട്ടും അപേക്ഷ എസ്.പി.ഐ.ഒ കൈമാറിയതായി കാണുന്നില്ല വളരെ നിരുത്തരവാദപരമായാണ് എസ്.പി.ഐ.ഒ മറുപടി നൽകിയിരിക്കുന്നത്. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ കൈകാര്യം ചെയ്യുന്നതിൽ എസ്.പി.ഐ.ഒ യുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച വന്നിട്ടുള്ളതായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശനിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താൽക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

6. അപ്പീൽ ഹർജിക്കാരൻ 11.10.2016 ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ എസ്.പി.ഐ.ഒ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ടിയാന് വിവരം ലഭ്യമാക്കേണ്ടതും പ്രസ്തുത മറുപടിയുമായി ബന്ധപ്പെട്ട സംക്ഷിപ്ത റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കേണ്ടതും ആയതിന്റെ

പകർപ്പും ഹർജിക്കാരന് ലഭ്യമാക്കേണ്ടതുമാണെന്ന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 11 -ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**
Jn